പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7568 — 17/07/2012-ൽ മറുപടിക്ക്

## ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.പി.സി. വിഷ്ണുനാഥ്<br>ശ്രീ. പി.എ. മാധവൻ | | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | സമൂഹത്തിലെ നിരാലംബരായ അഗതികൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവനാവശ്യങ്ങളും, ഭൂമി, കിടപ്പാടം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും തൊഴിൽ പരിശീലനം, വ്യക്തിത്വ വികാസം തുടങ്ങിയ വികസന ആവശ്യങ്ങളും സമൂഹവുമായി അടുത്തിടപഴകുന്നതിന് സഹായിക്കുന്ന കൗൺസിലിംഗ് തുടങ്ങിയവയും ഉൾപ്പെടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി നൽകുന്നതിന് ലക്ഷ്യമാക്കിയാണ് ആശ്രയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർബന്ധമായും നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) & (സി) | തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ തുടങ്ങിയവരുടെ ജില്ലാതല മീറ്റിംഗ് വിളിച്ചു ചേർത്ത് ആശ്രയ പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിനായി ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പരിശോധനാ റിപ്പോർട്ട് അടങ്ങിയ ആശ്രയ പ്രോജക്ട് തയ്യാറാക്കിയതായി ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണെന്നും ആശ്രയ പദ്ധതിക്കായി തുക വകയിരുത്തി പദ്ധതി നടപ്പാക്കലിന് അംഗീകാരം വാങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയ പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കിയില്ലെങ്കിൽ അടുത്ത ഗഡു ധനസഹായം നൽകുന്നത് തടയേണ്ടതാണെന്നും 01/12/2011 ലെ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കാത്ത പഞ്ചായത്തുകൾക്ക് മറ്റാനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ